# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3131** **20/6/2014** ൽ മറുപടിയ്ക്ക്

## രാസകീടനാശിനികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തൽ

ചോദ്യം

ശ്രീ. പി. തിലോത്തമൻ

രാസ കീടനാശിനികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തി ജൈവകീടനാശിനി ഉപയോഗിക്കാൻ പ്രേരിപ്പിച്ച് മെച്ചപ്പെട്ട വിളവ് ഉണ്ടാക്കുന്നതിന് കൃഷിക്കാരെ പ്രാപ്തമാക്കുന്ന തരത്തിലുള്ള പരിശീലനം നൽകുന്നതിന് ആവശ്യമായ പ്രത്യേക പദ്ധതികൾ ആവിഷ് കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കാൻ ലക്ഷ്യമിട്ട് സംയോജിത കീടനിയന്ത്രണം, ജൈവകീടനാശിനികൾ, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. കൂടാതെ പ്രധാനവിളകളായ നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറി എന്നിവയെ ബാധിക്കുന്ന/ബാധിക്കാൻ സാദ്ധ്യതയുള്ള കീടരോഗങ്ങൾ നിരീക്ഷണത്തിലൂടെ കണ്ടെത്തി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി വിളകളെ കീടരോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് വിള ആരോഗ്യ പരിപാലനപദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലും രാസകീടനാശിനി പരമാവധി ഒഴിവാക്കി ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ, രാസകീടനാശിനികൾ നിരുത്സാഹപ്പെടുത്തി ജൈവ കീടനാശിനി ഉപയോഗിക്കാൻ കർഷകരെ പ്രാപ്തരാക്കുന്ന പരിശീലന പരിപാടികൾ ഒരളവുവരെ കേരള കാർഷിക സർവ്വകലാശാല നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ